എറണാകുളം	–	29
തൃശ്ശൂർ	–	33
പാലക്കാട്	–	35
മലപ്പുറം	–	46
കോഴിക്കോട്	–	6
വയനാട്	–	39
കണ്ണൂർ	–	63
കാസർഗോഡ്	–	33
ആകെ		504

കണ്ണൂർ ജില്ലയിലെ ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ. സ്ഥലം മാറ്റം

49 (6754) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആരോഗ്യ വകുപ്പിൽ 2014-ലെ പൊതുസ്ഥലം മാറ്റത്തിന് ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. വിഭാഗത്തിൽനിന്നും അപേക്ഷ ലഭിച്ചവരുടെ ലിസ്റ്റ് മുൻഗണനാ പ്രകാരം ആവശ്യപ്പെട്ട സ്ഥലങ്ങൾ സഹിതം ലഭ്യമാക്കുമോ ;

(ബി) കരട് ലിസ്റ്റിൽ മുൻഗണന പ്രകാരം അപേക്ഷിക്കാത്ത സ്ഥലങ്ങളിൽ ആരെയൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) കരട് ലിസ്റ്റിലെ അപാകതകൾക്കെതിരെ പരാതി നല്കിയവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) കരട് ലിസ്റ്റിലെ അപാകതകൾ സംബന്ധിച്ച് പരാതി നല്കിയവരുടെ പരാതി പരിശോധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഇ) കരട് ലിസ്റ്റിനെ സംബന്ധിച്ച് പരാതി നല്കിയവർ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക്, പരാതി നല്കിയവരേക്കാൾ ജൂനിയറായ ആൾക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ ;

(എഫ്) ടി ലിസ്റ്റിലെ ആക്ഷേപങ്ങൾ പരിഹരിച്ച് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉത്തരവ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) യഥാക്രമം അനുബന്ധം 'എ' യും 'ബി' യുമായി ചേർത്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 3 വർഷത്തിൽകൂടുതൽ ഒരേ സ്ഥാപനത്തിൽ തുടർച്ചയായി ജോലി ചെയ്തുവരുന്നവരെ അപേക്ഷിക്കാതെ തന്നെ കരട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു.

(സി) പരാതി നൽകിയ ജെ.പി.എച്ച്.എൻ.മാരുടെയും ജെ.എച്ച്..ഐ. മാരുടെയും വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 'സി' -യും 'ഡി'-യുമായി ചേർത്തിട്ടുണ്ട്.*

(ഡി) പരാതികൾ അപ്പീൽ കമ്മിറ്റി പരിശോധിച്ച് പരിഹരിച്ചിട്ടുണ്ട്.

(ഇ) അത്തരത്തിൽ ആർക്കും നിയമനം നൽകിയിട്ടില്ല.

(എഫ്) ഉണ്ട്. ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ തസ്തികകളുടെ സ്പെഷ്യൽ റൂൾസിലെ ഭേദഗതി യഥാക്രമം അനുബന്ധം 'ഇ'-യും 'എഫ്' -ഉം ആയി ചേർത്തിട്ടുണ്ട്.*

താൽക്കാലിക സർവ്വീസിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പ്രൊമോഷൻ

50 (6755) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ 1-1-1990-ൽ താൽക്കാലിക സർവ്വീസിൽ കയറിയ അഞ്ച് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ കോടതി ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് സർവ്വീസ് റഗുലറൈസ് ചെയ്യുകയും അതുവഴി പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുണ്ടോ ; ഇതു പുനഃപരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) താൽക്കാലിക സർവ്വീസിൽനിന്നും നീക്കം ചെയ്ത നാല് വർഷക്കാലയളവ് റീവായി അനുവദിച്ചിട്ടുണ്ടോ ; ഇതു നിയമാനുസൃതമാണോ ; ഇതു പുനഃപരിശോധിക്കുമോ ; റീവ് കാലയളവ് പ്രൊമോഷനുള്ള സർവ്വീസിൽ കണക്കാക്കി പ്രൊമോഷൻ നൽകുകയും ഒരു വകുപ്പിലധികം രൂപ അരിയർ എഴുതി നൽകുകയും ചെയ്തിട്ടുണ്ടോ ; ഇതു നിയമാനുസൃതമല്ലെങ്കിൽ പുനഃപരിശോധിക്കുമോ ;

(സി) പി.എസ്.സി. പരീക്ഷ പാസ്സാകാതെ മാനുഷിക പരിഗണനയിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2003-ൽ സർവ്വീസിൽ കയറിയവരെ 1993-ൽ പി.എസ്.സി. മുഖേന സർവ്വീസിൽ കയറിയവരെ മറികടന്നു പ്രൊമോഷൻ നൽകിയിട്ടുണ്ടോ ; ഇതു പുനഃപരിശോധിക്കുമോ ;

(ഡി) ഏതെങ്കിലും കാറ്റഗറിയിൽ താൽക്കാലിക സർവ്വീസിൽ പ്രവേശിച്ചവർക്കു പ്രസ്തുത തീയതി വച്ചു സർവ്വീസ് റഗുലറൈസ് ചെയ്തു പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly